പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.668 | 01 -11 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## ടെലിമെഡിസിൻ യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം :<br>ശ്രീ..എം.എ.ബേബി :<br>ശ്രീ.ജെയിംസ് മാത്യു :<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എത്ര ടെലിമെഡിസിൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ; | (എ) | വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അതിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ആരോഗ്യ വകുപ്പിനുകീഴിലെ 18 ടെലിമെഡിസിൻ യൂണിറ്റുകളിൽ പാലക്കാട് ജില്ലാ ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി, വൈത്തിരി താലൂക്ക് ആശുപത്രി, എന്നിവിടങ്ങളിൽ ഒഴികെ മറ്റ് 15 ടെലിമെഡിസിൻ സെൻററുകളും അഞ്ച് മെഡിക്കൽ കോളേജുകളിലെയും, ടെലിമെഡിസിൻ യൂണിറ്റുകളും പ്രവർത്തന ക്ഷമമാണ്. കേന്ദ്ര ഗവൺമെൻറിൻെറ റൂറൽ ടെലിമെഡിസിൻ പദ്ധതിപ്രകാരം, മലപ്പുറം ജില്ലയിൽ 7 ടെലിമെഡിസിൻ സെൻററുകൾ പ്രത്യേക പ്രോജക്ടായി CDAC വഴി പ്രവർത്തിച്ചിരുന്നു. പ്രോജക്ട് പിരീയഡ് കഴിഞ്ഞതിനെ തുടർന്ന് ഇവയുടെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. |
| (സി) | പ്രസ്തുത യൂണിറ്റുകൾക്കായി എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ; | (സി) | ആരോഗ്യ വകുപ്പിൽ 44.91 ലക്ഷം രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1,00,59,000/ രൂപയും എൻ.ആർ.എച്ച്.എം. ഒരു കോടി ഇരുപതുലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത യൂണിറ്റുകളിൽ സ്റ്റാഫിൻെറ കുറവുണ്ടോ ; എങ്കിൽ ഏതെല്ലം ജില്ലകളിലാണ് ഇതുമൂലം യൂണിറ്റുകൾ പ്രവർത്തിക്കാതെ കിടക്കുന്നത് ; | (ഡി) | സ്റ്റാഫിൻെറ കുറവുമൂലം ടെലിമെഡിസിൻ യൂണിറ്റുകൾ ഒന്നുംതന്നെ പ്രവർത്തന രഹിതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അഗളി സി.എച്ച്.സി.യിൽ സൈറ്റ് അഡ്മിനിസ്ട്രേറ്ററുടെ അഭാവത്തിൽ അവിടത്തെ ഡോക്ടർമാർ പ്രത്യേക താൽപ്പര്യം എടുത്ത് ഈ യൂണിറ്റ് ഭാഗികമായി പ്രവർത്തിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (ഇ) | അഗളി സി.എച്ച്.സി.യിൽ സൈറ്റ് അഡ്മിനിസ്ട്രേറ്ററെ നിയമിക്കുവാൻ ആശുപത്രി മാനേജ്മെൻറ് കമ്മിറ്റി വഴി നടപടി എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി , തിരുവനന്തപുരം
2. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
3. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
4. ജില്ലാ ഹോസ്പിറ്റൽ , കൊല്ലം
5. മെഡിക്കൽ കോളേജ് , ആലപ്പുഴ
6. ജനറൽ ഹോസ്പിറ്റൽ , പത്തനം തിട്ട
7. മെഡിക്കൽ കോളേജ്, കോട്ടയം
8. ജില്ലാ ഹോസ്പിറ്റൽ, ഇടുക്കി
9. ജനറൽ ഹോസ്പിറ്റൽ, എറണാകുളം
10. മെഡിക്കൽ കോളേജ്, ത്രിശൂർ
11. ജില്ലാ ഹോസ്പിറ്റൽ, പാലക്കാട്
12. ജില്ലാ ഹോസ്പിറ്റൽ,മലപ്പുറം
13. മെഡിക്കൽ കോളേജ്, കോഴിക്കോട്
14. ജില്ലാ ഹോസ്പിറ്റൽ, വയനാട്
15 കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ, അട്ടപ്പാടി
16 ജില്ലാ ഹോസ്പിറ്റൽ, കണ്ണൂർ
17 ജില്ലാ ഹോസ്പിറ്റൽ, കാസർകോഡ്
18 മെഡിക്കൽ കോളേജ്, പരിയാരം
19 താലൂക്ക് ഹോസ്പിറ്റൽ, നെയ്യാറ്റിൻകര
20 മാനസികാരോഗ്യകേന്ദ്രം , പേരൂർക്കട, തിരുവനന്തപുരം
21 താലൂക്ക് ഹോസ്പിറ്റൽ, മാവേലിക്കര
22 താലൂക്ക് ഹെഡ്കോർട്ടേഴ്സ് ഹോസ്പിറ്റൽ, കോഴിക്കോട്
23 താലൂക്ക് ഹോസ്പിറ്റൽ, വൈത്തിരി, വയനാട്
24 ബ്ലോക്ക് പ്രൈമറി ഹെൽത്ത് സെന്റർ, തിരൂർ മലപ്പുറം
25 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ , താനൂർ
26 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ , മട്ടന്നൂർ
27 ബ്ലോക്ക് പ്രൈമറി ഹെൽത്ത് സെന്റർ, മലപ്പുറം
28 പ്രൈമറി ഹെൽത്ത് സെന്റർ, തിരൂർ, മലപ്പുറം
29 താലൂക്ക് ഹോസ്പിറ്റൽ,തിരൂർ മലപ്പുറം
30 പ്രൈമറി ഹെൽത്ത് സെന്റർ, നൻമുക്ക്, ചങ്ങരംകുളം
31 ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ കല്പൂർ
32 മലബാർ കാൻസർ കെയർ സൊസൈറ്റി, കണ്ണൂർ
33 ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ ,കോഴംചേരി
34 ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ , കരുനാഗപ്പള്ളി, കൊല്ലം
35 ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ , പാലക്കാട്
36 മലബാർ കാൻസർ സെന്റർ , തലശ്ശേരി
37 ജനറൽ ഹോസ്പിറ്റൽ , തിരുവനന്തപുരം
38 സ്ത്രീകളുടേയും കുട്ടികളുടേയും ഹോസ്പിറ്റൽ , തിരുവനന്തപുരം
39 താലൂക്ക് ഹെഡ് കോർട്ടേഴ്സ് ഹോസ്പിറ്റൽ ചേർത്തല , ആലപ്പുഴ